# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നാഗലശ്ശേരി ഗ്രാമപഞ്ചായത്ത്

2016-17 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

നം.കെ.എസ്.എ.പി.കെ.ഡി.20-1582/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്.

തീയതി-11/09/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997

കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.1582/2017 തിയ്യതി:- 11/09/2017

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-2016 മുതൽ 10-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ-- സുനിൽദാസ്, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11-07-2017 മുതൽ 17-07-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ, |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡൻറ് :

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.രജീഷ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.നന്ദകുമാർ വി.എൻ | 1-4-16 മുതൽ 14-11-16 വരെ |
| ശ്രീ.എം.എസ്.സ്വരൂപ് (അസി.സെക്രട്ടറി-ഇൻ-ചാർജ്) | 15-11-16മുതൽ 20-11-16 വരെ |
| ശ്രീ.പി.കെ.രാജേന്ദ്രൻ | 21-11-16 മുതൽ 30-12-16 വരെ |
| ശ്രീ.സി.സുരേന്ദ്രൻ പിള്ള | 31-12-16 മുതൽ 31-3-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.എൻ.പി.ഷിധി | 1-4-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.പി.സുനിൽ (അഡീ.ചാർജ്) | 1-4-16 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഹേമലത | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.അഭിനന്ദ്.വി.പി | 1-4-16മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.എൻ.അഭിലാഷ് | 1-4-16 മുതൽ 15-6-16 വരെ |
| | ഡോ.എ.വി.മണികണ്ഠൻ | 16-6-16 മുതൽ 31-3-16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കെ.ബി.പവിത്രൻ | 1-4-16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.എൻ.നിഷ | 1-4-16 മുതൽ 31-3-17 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.വി.വി.അംബുജം | 1-4-16 മുതൽ 31-3-17 വരെ |
| അസി.സെക്രട്ടറി | ശ്രീ.എം.എസ്.സ്വരൂപ് | 1-4-16 മുതൽ 21-11-16 വരെ |
| | ശ്രീമതി.രശ്മി മോൾ. പി. എസ് | 22-11-16 മുതൽ 31-3-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/28-3-16 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2016 | 30-06-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14-07--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 13389874 | 52014381 | 65404255 | 44373520 | 21030735 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവു ശത മാനം | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10139366 | 10139366 | 7816915 | 2322451 | 77 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10728552 | 10728552 | 9930604 | 797948 | 92.5 | 0 |
| സംരക്ഷണ ഗ്രാന്റ്( റോഡ്) | 0 | 19614342 | 19614342 | 3631306 | 15983036 | 18.51 | 0 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 0 | 2749665 | 2749665 | 2122838 | 626827 | 77.2 | 0 |
| KLSGDP | 0 | 3102993 | 3102993 | 2743319 | 359674 | 88.4 | 0 |
| 13- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5686351 | 5686351 | 4706051 | 980300 | 82.76 | 0 |
| ജനറൽ പർപ്പസ്ഗ്രാന്റ് | 10557835 | 8759172 | 19317007 | 4315778 | 0 | 22.34 | 15001229 |
| MGNREGS | -256 | 18168107* | 18167851 | 18085851 | 0 | 99.54 | 82000 |
| ബി ഫണ്ട് | 0 | 259280 | 259280 | 259280 | 0 | 100 | 0 |

*17082952രൂപ EFMS വഴി ലഭ്യമായതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീ കാരം | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് | പദ്ധതി ചെലവ് | ഭാഗിക മായി | നടപ്പാ ക്കാത്തവ | പൂർത്തീ കരിച്ച |
|---|---|---|---|---|---|---|---|

| | ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 213 | 81157343 | 104 | 31268005 | 69 | 40 | 48.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | കുറവ്/വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3955625 | 7490170 | (+)3534545 | (+)89.35 |
| നികുതിയേതര വരവുകൾ | 614928 | 562056 | (-)52872 | (-)8.60 |
| മറ്റുവരവുകൾ | 729874 | 854172 | (+)124298 | (+)17 |
| ആകെ | 5300427 | 8906398 | (+)3605971 | (+)68 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3 | 1 | 2 | -- |
| 2 | തൊഴിൽ രഹിത വേതനം | 25 | 13 | 12 | -- |
| 3 | വിധവാ പെൻഷൻ | 131 | 118 | 13 | -- |
| 4 | വികലാംഗ പെൻഷൻ | 16 | 9 | 7 | -- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 9 | 6 | -- |
| 6 | വാർദ്ധക്യകാല പെൻഷൻ | 392 | 359 | 33 | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-7-2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,959/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗമായി സോഷ്യൽ മോണിറ്ററിംങ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി

സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

# 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം 7155/- രൂപ (നാഗലശ്ശേരി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് A/c.No.4862)വരവുണ്ട്. മുന്നിരിപ്പ് ഉൾപ്പടെ ആകെ 161068രൂപ വരവുണ്ടെങ്കിലും തൻവർഷം യാതൊരു ചെലവുംനടന്നിട്ടില്ല. ദുരിതാശ്വാസനിധി കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12-6-2017 | 06/2017 | ലഭിച്ചിട്ടില്ല | ---- |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ | 24-12-16 മുതൽ | 2011-12 മുതൽ | 29-3-17 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | 07-01-17 വരെ | 2015-16 വരെ | | |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം - 3,4,5,6,7,8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും,പാരാമെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റോയൽ ഡെന്റൽ കോളജ് , മേൽ പറഞ്ഞ നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപത്തിന്മേൽ 5000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500/-രൂപ വരെയാകാവുന്ന അധിക പിഴയും ചുമത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് 17.7.17-ന് നൽകിയ 6- നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക്

സൂക്ഷിക്കുന്നില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്. ഇതു പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്.

സ.ഉ(എം.എസ്)നം.150/14/ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലി കമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 25000 രൂപയാണ്.

പരിശോധനയുടെ ഭാഗമായി, പഞ്ചായത്ത് സമർപ്പിച്ച മറുപടിയിൽ, ഒന്നാം വാർഡിൽ മൂന്നും, ആറാം വാർഡിൽ ഒന്നും മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്തിലില്ല. ആയതിനാൽ മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ ചട്ട പ്രകാരമുള്ള റഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടാകുന്ന ഭീമമായ നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

## 2-3 പരസ്യ നികുതി ഏർപ്പെടുത്തിയിട്ടില്ല

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിൻമേൽ നികുതിപിരിക്കുന്നതിന കേരളാ പഞ്ചായത്ത് രാജ് നിയമം 209- വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209(ഡി)യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിന നടപടി സ്വീകരിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഇതിനുള്ള നടപടി അടിയന്തിരമായി കൈകൊള്ളേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാനുവൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല

1)തെക്കേക്കര(വാർഡ് II) അംഗൻവാടി റിപ്പയർ

പ്രോജക്ട്നം-171/16-17

അടങ്കൽ-1,50,000/-

PAC- 1,49,495/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ- ശ്രീ.പി.മോഹനൻ

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-4-3-2017

ബിൽ നം.62/31-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,49,495 x 1%=1494

2)വിജയൻ പെരിങ്ങോട് റോഡ് സോളിംങ്

പ്രോജക്ട് നം- 214/17

അടങ്കൽ-2,00,000/-

PAC-1,84,563/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ-ശ്രീ.എം. സുഭാഷ്

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്- 27-2-2017

ബിൽ നം.45/30-3-17

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,84,563 x1% =1845

3)മണ്ണംകുളം പള്ളി റോഡ് സോളിംങ്

പ്രോജക്ട്നം- So 209/17

അടങ്കൽ-1,50,000/-

PAC-1,45,189/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ-ശ്രീ.കെ.പദ്മനാഭൻ

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-15-3-2017

ബിൽ നം.53/30-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 1,45,189 x 1% = 1451

4) പട്ടാമ്പി റോഡ് ടു യുവശക്തി ക്ലബ്ബ് റോഡ് റിടാറിംങ്

പ്രോജക്ട് നം - So 143/17

അടങ്കൽ – 4,90,000/-

PAC -487927/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/16-12-16

കരാറുകാരൻ – ശ്രീ.എം. സുഭാഷ്

കരാർ വെയ്ക്കേണ്ട തിയ്യതി-6-1-2017

കരാർ ചമച്ചത്-19-1-2017

ബിൽ നം.48/30-3-2017

ഈടാക്കിയ പിഴ – ഇല്ല

ഈടാക്കേണ്ട തുക- 487927 x 1% = 4879

5)ഓറഞ്ച് ഗാർഡൻ റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം- So 168/17

അടങ്കൽ-1,00,000/-

PAC -97201/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/16-12-17

കരാറുകാരൻ- ശ്രീ.പി.മോഹനൻ

കരാർ വെയ്ക്കേണ്ട തിയ്യതി-6-1-2017

കരാർ ചമച്ചത്-19-1-2017

ബിൽ നം.49/31-3-2017

ഈടാക്കിയ പിഴ- ഇല്ല.

ഈടാക്കേണ്ട തുക- 97201 x 1% = 1000

6)കിളിവാലക്കുന്ന്-സ്നേഹ വീഥി റോഡ് കോൺക്രീറ്റിംങ്

പ്രോജക്റ്റ് നം- So 164/17

അടങ്കൽ-2,00,000/-

PAC -198195/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/16-12-16

കരാറുകാരൻ-ശ്രീ.യു. സിദ്ദിഖ്

കരാർ വെയ്ക്കേണ്ട തിയ്യതി-6-1-2017

കരാർ ചമച്ചത്-19-1-2017

ബിൽ നം35/30-3-2017

ഈടാക്കിയ പിഴ - ഇല്ല

ഈടാക്കേണ്ട തുക- 198195 x1% =1981

**7)** നന്ദിയംകോട്-കൊച്ചുറോഡ് കോൺക്രീറ്റിംങ്

പ്രോജക്റ്റ് നം- So 159/17

അടങ്കൽ-2,00,000/-

PAC -196884/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ-ശ്രീ.പി.മോഹനൻ

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-19-1-2017

ബിൽ നം. 28/28-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 196884 x1% = 1968

8)പെട്ടിക്കട-എടക്കാട് റോഡ് റീടാറിംങ്

പ്രോജക്റ്റ് നം- So.105/17

അടങ്കൽ-4,90,000/-

PAC -488082/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/16-12-16

കരാറുകാരൻ-ശ്രീ.ഇ.വി.മൊയ്തുണ്ണി

കരാർ വെയ്ക്കേണ്ട തിയ്യതി-6-1-2017

കരാർ ചമച്ചത്-7-3-2017

ബിൽ നം. 24/28-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക – 488082x1%=4880

9)പൂഴിക്കുന്നത്ത് റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം- So.212/17

അടങ്കൽ-2,50,000/-

PAC -248093/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ- ശ്രീ.അബ്ദുൾ ജബ്ബാർ വി.പി

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-27-2-2017

ബിൽ നം. 22/28-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക – 248093 x1% =2480

10)ബാദാം സെന്റർ-മഠത്തിൽ പറമ്പ് റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട്നം- So.218/17

അടങ്കൽ-2,00,000/-

PAC -197853/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ- ശ്രീ. വി.സിദ്ദിഖ്

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-27-2-2017

ബിൽ നം. 34/30-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 197853 x 1% = 1978

11) ആലിക്കര-ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം- So.210/17

അടങ്കൽ- 2,50,000/-

PAC - 247744/-

ടെന്റർ അംഗീകരിച്ച തിയ്യതി-1/19-1-17

കരാറുകാരൻ- ശ്രീ.വി.സിദ്ദിഖ്

കരാർ വെയ്ക്കേണ്ട തിയ്യതി-9-2-2017

കരാർ ചമച്ചത്-27-2-2017

ബിൽ നം. 34/30-3-2017

ഈടാക്കിയ പിഴ- ഇല്ല

ഈടാക്കേണ്ട തുക- 247744 x1 =2477

ഇതുസംബന്ധിച്ച് 7/17-7-2017 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അതതു കരാറുകാർക്ക് നോട്ടീസ് നൽകി തുക തിരിച്ചുപിടിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ആയതിനാൽ മേൽപറഞ്ഞ പ്രകാരം ഈടാക്കാനുള്ള ആകെ തുക=26433/- രൂപ (1494+1845+1451+4879+1000+1981+1968+4880+ 2480+1978+2477) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## **3-2** വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രൊജക്ടുകൾ - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായം - **154500** രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

2016-17 സാമ്പത്തിക വർഷത്തിൽ വെറ്റനറി സർജൻ നടപ്പാക്കിയ രണ്ട് പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.പ്രൊജക്റ്റ് നം -135/17

പ്രൊജക്റ്റ് പേര് – ആട്ട വളർത്തൽ( എസ്.സി.പി.)

അടങ്കൽ – 684000 (505000 വികസന ഫണ്ട് + 8000 തനത് ഫണ്ട് + ഗുണഭോക്തൃ വിഹിതം 171000)

ചെലവ് -505000 ( ബിൽ നം. P2/16-17 തീ.31.3.17)

- 8000 (ചെക്ക് നം. 126234/ 31.3.17)

ആകെ ചെലവ് – 513000
ആകെ ഗുണഭോക്താക്കളുടെ എണ്ണം -38

ഒരാൾക്ക് നൽകിയ ധനസഹായം 13500 രൂപ ( 13500 x 38 = 513000)

II. പ്രൊജക്റ്റ് നം 140/17

പ്രൊജക്റ്റ് പേര് – കറവപ്പശു വളർത്തൽ( എസ്.സി.പി.)
അടങ്കൽ – 960000 (465000 വികസന ഫണ്ട് + 15000 തനത് ഫണ്ട് + ഗുണഭോക്തൃ വിഹിതം 480000)

ചെലവ് 440000 ( ബിൽ നം. P1/16-17 തീ.31.3.17)

ആകെ ഗുണഭോക്താക്കളുടെ എണ്ണം – 22

യൂണിറ്റ് കോസ്റ്റ് – 20000 രൂപ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി -സബ്സിഡിയും അനുബന്ധ വിഷയങ്ങളും- പരിഷ്കരിച്ച മാർഗ്ഗരേഖ -GO(MS) 4/16 തീ. 11.1.16 ഖണ്ഡിക-2 പൊതു നിബന്ധനകൾ 2.11 പ്രകാരം 50,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബത്തിന്, അവർ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരായിരുന്നാൽ പോലും സാമ്പത്തികാനുകൂല്യം നൽകാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (ആർ.ടി.) 1219/2016 l.ത.സ്വ.ഭ.വ 25.11.16 -ൽ എസ്.സി. വിഭാഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഒന്നര ലക്ഷം രൂപയായി ഉയർത്തിയത് ഉൽപ്പാദന മേഖലയ്ക്ക് ബാധകമല്ലെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് സാമ്പത്തികാനുകൂല്യം കൈപ്പറ്റിയ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ വാർഷിക വരുമാനം സർക്കാർ നിർദ്ദേശിച്ച വരുമാന പരിധിക്ക്

മുകളിലാണെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. പ്രൊജക്ട് നമ്പറും പേരും : 135/17

പ്രൊജക്റ്റ് പേര് – ആട്ട വളർത്തൽ(എസ്.സി.പി.)

| ക്രമ നം | ഗുണഭോക്താവിന്റെ പേരും, വിലാസവും | വാർഷിക വരുമാനം | വരുമാന സാക്ഷ്യ പത്രംനമ്പറും, തീയ്യതിയും | അനുവദിച്ച തുകയും, തുക കൈപ്പറ്റിയ വ്യക്തിയുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പറും |
|---|---|---|---|---|
| 1 | സരോജിനി W/O.ചന്ദ്രൻ, എരളംകാട്ടിൽ, നാഗലശ്ശേരി | 72000 | 23034507/9.2.17 വില്ലേജ് ഓഫീസർ, നാഗലശ്ശേരി. | 13500 രൂപ ശ്രീദേവി 206201050000234 വിജയാബാങ്ക്, നാഗലശ്ശേരി |
| 2 | രഞ്ജു. കെ.പി. കിളിക്കോട്ടുപടി, പെരിങ്ങോട്, നാഗലശ്ശേരി | 60000 | 23034510/9.2.17 വില്ലേജ് ഓഫീസർ, നാഗലശ്ശേരി. | 13500 രൂപ ഗീത. W/O.കുമാരൻ, കളരിക്കൽ വീട്, പെരിങ്ങോട് 20144161873 ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കൂറ്റനാട് ശാഖ |
| 3 | കാർത്യാനി, W/O.രാധാകൃഷ്ണൻ, പാതിരിശ്ശേരിപ്പടി, വാവന്നൂർ | 60000 | 23022875/9.2.17 വില്ലേജ് ഓഫീസർ, നാഗലശ്ശേരി. | 13500 രൂപ കോച്ചി, പുഞ്ചയിൽ വീട്, തെക്കേ വാവന്നൂർ, നാഗലശ്ശേരി 206201050000234 വിജയാബാങ്ക്, നാഗലശ്ശേരി |
| 4 | പാഞ്ചാലി, D/O.അയ്യർ, | 72000 | 23495746/1.3.17 വില്ലേജ് | 13500 രൂപ സബിത പി.ബി. |

| | | | | |
|---|---|---|---|---|
| | ചാലിക്കുന്നത്ത്, ചെറുചാൽപ്പുറം, നാഗലശ്ശേരി | | ഓഫീസർ, നാഗലശ്ശേരി. | W/O.രാമദാസ്, ചാലിക്കുന്നത്ത് (വീട്) നാഗലശ്ശേരി 32221444290 ഭാരതീയ സ്റ്റേറ്റ് ബാങ്ക്, കൂറ്റനാട് ശാഖ |
| 5 | കാർത്ത്യായനി W/O.രാമൻ, കോലിക്കോട്ടുപടി, വടക്കേ കോതച്ചിറ, | 60000 | 23552698/3.3.17 വില്ലേജ് ഓഫീസർ, നാഗലശ്ശേരി. | 13500 രൂപ കാർത്യാനി W/O.വേലായുധൻ, തിരുത്തിന്മേൽ വീട്, കോടനാട്, മേഴത്തൂർ 0742108031492 കനറാ ബാങ്ക്, കൂറ്റനാട്. |
| 6 | മാധവി, W/O.രാഘവൻ, കുന്നത്തേരി, തെക്കേ വാവന്നൂർ, നാഗലശ്ശേരി | 60000 | 20960234/1.10.16 വില്ലേജ് ഓഫീസർ, നാഗലശ്ശേരി. | 13500 രൂപ ഹൈദ്രു, S/O.ഹൈദ്രു, ചാലിക്കുന്നത്ത് വീട്, നാഗലശ്ശേരി 40280100102262 കേരള ഗ്രാമീൺ ബാങ്ക്, കൂറ്റനാട്. |
| 7 | പരിയാണി W/O.മുണ്ടൻ, പേങ്ങാട്ടിരിപ്പടി, നാഗലശ്ശേരി | 60000 | 23948512/28.3.17 നാഗലശ്ശേരി വില്ലേജ് ഓഫീസർ | 13500 രൂപ നീലി W/O.ചിരുകണ്ടൻ, മങ്ങാട്ടുപടി, കോമങ്കലം, നാഗലശ്ശേരി |

| | | | | |
|---|---|---|---|---|
| | | | | 35572728472<br>ഭാരതീയ സ്റ്റേറ്റ് ബാങ്ക്,കുറ്റനാട് ശാഖ |

II. I. പ്രൊജക്ട് നമ്പറും പേരും : 140/17

പ്രൊജക്റ്റ് പേര് – പശുവളർത്തൽ( എസ്.സി.പി.)

| ക്രമനം | ഗുണഭോക്താവിന്റെ പേരും, വിലാസവും | വാർഷിക വരുമാനം | വരുമാന സാക്ഷ്യ പത്രംനമ്പറും, തീയ്യതിയും | അനുവദിച്ച തുകയും, തുക കൈപ്പറ്റിയ വ്യക്തിയുടെ പേരും ബാങ്ക് അക്കൗണ്ട് നമ്പറും |
|---|---|---|---|---|
| 1 | ശങ്കരൻ S/O.കോത,<br>കുന്നത്തേരി പ്പറമ്പിൽ, നാഗലശ്ശേരി | 60000 | 23176223/15.2.17 | 20000 രൂപ<br>ചന്ദ്രൻ S/O.താമി,<br>പാടന്മാരിൽ വീട്<br>ഞാങ്ങാട്ടിരി,<br>തൃത്താല<br>(തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല) |
| 2 | ലീല W/O.അയ്യപ്പൻ,<br>വാരിയത്തു വളപ്പിൽ, ചാലിപ്പുറം, തെക്കേ വാവന്നൂർ | 72000 | 23034380/9.2.17 | 20000രൂപ<br>ഷാജി, പള്ളത്ത് പടി, നെല്ലിക്കാട്ടിരി<br>(തുക നൽകിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല) |
| 3 | ദേവകി W/O.കുഞ്ഞൻ, ചാലത്തു വളപ്പിൽ, നാഗലശ്ശേരി, | 60000 | 23849227/21.3.17 | 20000 രൂപ<br>വിശാലാക്ഷി ,<br>എളാട്ടു വളപ്പിൽ |

| | | | | |
|---|---|---|---|---|
| | കോതച്ചിറ | | | പടി, ചാഴിയാട്ടിരി. പി.ഒ, തിരുമിറ്റക്കോട്-2 |

ഇത് സംബന്ധിച്ച് 15-7-2017 തീയ്യതിയിൽ നൽകിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ, എസ്.സി. വിഭാഗത്തിന് ഉൽപ്പാദന മേഖലയിൽ സാമ്പത്തികാനുകൂല്യം നൽകുന്നതിന്, വർധിപ്പിച്ച വാർഷിക വരുമാന പരിധി ബാധകമല്ലെന്ന് ശ്രദ്ധയിൽ പെടാത്തതിനാലാണ് ആനുകൂല്യം നൽകിയതെന്നറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടിക ജാതിയിൽ പെട്ടവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായവരാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

എന്നാൽ റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ പ്രകാരം ഉയർന്ന വരുമാന പരിധിയുള്ള ഗുണഭോക്താക്കൾക്ക്, പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സാമ്പത്തികാനുകൂല്യം നൽകിയ നടപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായതിനാൽ, പ്രൊജക്ട് തയ്യാറാക്കൽ, നിർവ്വഹണം എന്നീപ്രക്രിയയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഉത്തരവുകളും പഠിക്കേണ്ടതുള്ളതിനാൽ ഇക്കാര്യം ശ്രദ്ധയിൽപെട്ടില്ല എന്ന മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല.

ആയതിനാൽ സബ്സിഡി മാർഗ്ഗാ രേഖാ നിർദ്ദേശങ്ങൾ പാലിക്കാതെ, വരുമാന പരിധി ലംഘിച്ച്, ധനസഹായം നൽകിയത് വഴി നഷ്ടം വന്ന 154500രൂപ (ആട്ടുവളർത്തൽ - 7 ഗുണഭോക്താക്കൾക്ക് നൽകിയ 7x13500=94500 + പശു വളർത്തൽ 3x20000 = 60000 കൂടി ആകെ = 154500 രൂപ) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. സർക്കാരിൽനിന്ന് ചെലവനുവാദം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ നിന്നോ, നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-3 ഹെഡ്മിസ്ട്രസ്സ് നടപ്പിലാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കിയില്ല- 36400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

1. പ്രൊജക്ട് നമ്പർ - 91/17

പ്രൊജക്ടിന്റെ പേര് – ഷീ-പാഡ് വിതരണ പദ്ധതി

അടങ്കൽ – 65000 രൂപ

ചെലവ് – 30000 രൂപ (ബിൽ നം.2/17 തീ. 31.3.17)

(കേരള വനിതാ വികസന വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക്, 35810483408 നമ്പർ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്ത തുക)

തദ്ദേശ സ്വയംഭരണ(ഡി.സി.) വകുപ്പിന്റെ 25. 1. 16-ലെ 280/16 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രൊജക്ട് അടങ്കൽ തുകയുടെ 50% വനിതാ വികസന കോർപ്പറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം ബാക്കി തുക അനുവദിക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തരവിലെ നിർദ്ദേശ പ്രകാരം 30000 രൂപ മേൽ പറഞ്ഞ പ്രകാരം വനിതാ വികസന കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം കോർപ്പറേഷനിൽ നിന്നും ഷീ- പാഡ് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതുസംബന്ധിച്ച രേഖകളും (സ്റ്റോക്ക് രജിസ്റ്ററുകൾ ഉൾപ്പെടെ) തുകയുടെ വിനിയോഗ സാക്ഷ്യ പത്രവും പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ 14-7-2017 തീയ്യതിയിലെ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, തുടർ നടപടികൾ സ്വീകരിക്കാൻ വനിതാ വികസന കോർപ്പറേഷനുമായിബന്ധപ്പെട്ടിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്

2. പ്രൊജക്ട് നമ്പർ -92/17

പ്രൊജക്ടിന്റെ പേര് – എസ്.എസ്.എൽ.സി. തുല്യതാ പരീക്ഷ

അടങ്കൽ - 6400 രൂപ

ചെലവ് – 6400രൂപ (ബിൽ. നം )01/17 തീ. 31.3.17

തെരഞ്ഞെടുക്കപ്പെട്ട 4 ഗുണഭോക്താക്കളുടെ 10-ക്ലാസ്സ് തുല്യതാ പരീക്ഷാ ഫീസിനത്തിൽ, കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് , 57026996123 നമ്പർ SBT അക്കൗണ്ടിലേക്ക് നൽകിയ തുകയാണിത്. ഈ ഗുണഭോക്താക്കളുടെ ക്ലാസ്സുകളിലെ ഹാജർ സംബന്ധിച്ച വിശദാംശങ്ങൾ, പരീക്ഷയ്ക്ക് ഹാജരായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ (ഹാൾ ടിക്കറ്റ് ഉൾപ്പെടെ) കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ മേൽപറഞ്ഞ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ രേഖകൾഹാജരാക്കുകയുണ്ടായില്ല.

ആയതിനാൽ, മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി രണ്ട് പ്രൊജക്ടുകൾക്കും വിനിയോഗിച്ച 36400 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വി.ഇ.ഒ. നടപ്പാക്കിയ രണ്ട് നിർമാണ പദ്ധതികൾ - ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ ഭവന നിർമാണം- പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

I. പ്രൊജക്ട് നമ്പർ 25/17- സമ്പൂർണ്ണ ശുചിത്വ പദ്ധതി- കക്കൂസ് നിർമാണം.(ODFപ്രൊജക്ട്)

| ക്രമനം | ഗുണഭോക്താക്കളുടെ പേരും വിലാസവും | ആകെ ധനസഹായത്തുക | കൈപ്പറ്റിയ തുക | ബാക്കി തുക | ബാങ്ക് അക്കൗണ്ട്, നമ്പർ |
|---|---|---|---|---|---|
| 1 | അനീഷ് കുമാർ, | 15300 | 7500 | 7900 | 206201231001366 |

| | | | | | |
|---|---|---|---|---|---|
| | ചക്കനാക്കൽ, വാവന്നൂർ | | | | വിജയ ബാങ്ക് |
| 2 | കുട്ടിനാരായണൻ S/O.അയ്യപ്പൻ, ആമക്കാവ്, മുല്ലയ്ക്കൽ, പെരിങ്ങോട് | 15300 | 7500 | 7900 | 20620123100 വിജയബാങ്ക് |
| 3 | വേലായുധൻ, S/o.മാടമ്പി, പടിഞ്ഞാക്കര | 15300 | 7500 | 7900 | 1205(സർവ്വീസ് സഹകരണ ബാങ്ക്, നാഗലശ്ശേരി. |
| | ആകെ തുക | | | 23700 | |

II. പ്രൊജക്ട് നമ്പർ – 02/17 ഭവന നിർമാണം ( വിധവ)

അടങ്കൽ- 860000

ചെലവ് – 4,20000/-

| ക്രമനം | ഗുണഭോക്താക്കളുടെ പേരും വിലാസവും | ആകെ ധനസഹായത്തുക | കൈപ്പറ്റിയ തുക | ബാക്കി തുക | ബാങ്ക് അക്കൗണ്ട്, നമ്പർ |
|---|---|---|---|---|---|
| 1 | നിർമല W/O.സിദ്ധാർത്ഥൻ, കറുപ്പത്തേരിൽ കോതച്ചിറ, നാഗലശ്ശേരി | 200000 | 140000 | 60000 | 40704110029999 |
| 2 | ഇന്ദ്രാണി, W/O.അറുമുഖൻ, ഗീതാലയം- പെരിങ്ങോട് | 200000 | 180,000 | 20000 | 67282932079 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | രാധ W/O.ജനാർദ്ദനൻ, കുന്നമ്മൽ വളപ്പിൽ കോതച്ചിറ | 200000 | 80000 | 120000 | 67229728954 |
| | ആകെ തുക | | | 200000 | |

മേൽ പറഞ്ഞ വ്യക്തികൾ നിർമാണം പൂർത്തീകരിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഗ്രാമ പഞ്ചായത്ത് 2016-17വർഷത്തിൽ കാർഷിക രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല.

ഭൂപ്രകൃതിയനുസരിച്ച് ഇടനാട് മേഖലയിൽ വരുന്ന നാഗലശ്ശേരി പഞ്ചായത്തിന്റെ വടക്കുഭാഗത്ത് മുടവന്നൂർ കുന്നും തെക്കുഭാഗത്ത് കോതച്ചിറ കുന്നുമാണ്. ജൈവവൈവിധ്യം കൊണ്ട് അനുഗ്രഹീതമായ ഈ രണ്ട് കുന്നിനുമിടയ്ക്ക് രണ്ടുനിര കുന്നുകൾ കിഴക്കു പടിഞ്ഞാറായി നീണ്ടുകിടക്കുന്നു. ഇവയുടെ ഇടയിലായി 3 നീർമറിതടങ്ങളുണ്ട്. 57 പൊതുകുളങ്ങളും, 39 സ്വകാര്യകുളങ്ങളും, ഒട്ടനേകം തടാകങ്ങളും, പ്രസിദ്ധമായ പുളിയപ്പറ്റക്കായലിന്റെ പകുതിഭാഗവും ഇവിടത്തെ ജലസ്രോതസ്സുകളാണ്. ഇതിനു പുറമേ, പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളും പ്രകൃതി ദത്ത ജലസ്രോതസ്സുകളാൽ അനുഗ്രഹീതമാണ്. 26.20 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള പഞ്ചായത്തിൽ ഏകദേശം 250 ഹെക്ടറോളം വിസ്തൃതമായ ഭൂഭാഗം നെൽകൃഷിക്കുപയുക്തമാക്കാവുന്നതാണ്.

ചെമ്മണ്ണ് വിഭാഗത്തിൽപ്പെടുന്ന മണ്ണാണ് ഇവിടെയുള്ളത്. എന്നാൽ സമതല പ്രദേശത്തെ ചുരുക്കം സ്ഥലങ്ങളിൽ മണൽരാശി കലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. നെല്ല്, പയർ, എള്ള്, വാഴ, തെങ്ങ്, കുരുമുളക്, മരച്ചീനി, റബ്ബർ, അടക്ക, കുൺകൃഷി, കുടമ്പുളി, വാനില, ഗ്രാമ്പൂ, ജാതിക, തീറ്റപുല്ല്, ഇഞ്ചി, കശുമാങ്ങ എന്നിവ ഈ പഞ്ചായത്തിൽ കൃഷി ചെയ്യുന്ന

പ്രധാനവിളകളാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ജി.ഒ. (എം.എസ്.) 362/13 ത.സ്വ.ഭ.വ. തീ. 16.11.13 -ൽ -അനുബന്ധം -16 -തദ്ദേശ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ രേഖ –ഖണ്ഡിക 3-2 ൽ കാർഷിക രംഗത്ത് നടപ്പാക്കാവുന്ന 11 ഇനം പ്രൊജക്ടുകളെക്കുറിച്ചും അവയുടെ സബ്സിഡി മാനദണ്ഡങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ, പ്രാദേശികമായി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച്, 17 ഇനം വൈവിധ്യമാർന്ന കാർഷിക വിളകൾ ചെയ്തു വരുന്ന പഞ്ചായത്ത്, നാളികേര വികസന പദ്ധതി എന്ന ഒരു പ്രൊജക്ടും ഉഴവുകൂലി വിതരണവും മാത്രമാണ് 2016-17 കാലയളവിൽ നിർവ്വഹിച്ചിട്ടുള്ളത്. നിലവിലുള്ള ഡാറ്റയനുസരിച്ച്, 26,643 വരുന്ന ജനസംഖ്യയിൽ ഭൂരിഭാഗവും കാർഷിക പ്രവൃത്തികൾ പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാർഷിക മേഖല ഇത്തരത്തിൽ അവഗണിക്കപ്പെട്ടത് ആശാസ്യമല്ല.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജൈവവൈവിധ്യവും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ അനുയോജ്യമായ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കാൻ, ഈ രംഗത്തെ വിദഗ്ധരുടെ സഹായത്തോടുകൂടി പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. കൂട്ടത്തിൽ, വിവിധ പാടശേഖര സമിതികളിലെ പരിചയസമ്പന്നരായ കർഷകരുടെ അനുഭവ സമ്പത്തും, "പൊടിക്കൈകളും" നാട്ടറിവുകളും, കീഴ്വഴക്കങ്ങളും വിളകളുടെ സംരക്ഷണത്തിനും സമൃദ്ധമായ വികസനത്തിനും വളർച്ചയ്ക്കും ഉപയോഗപ്പെടുത്താവുന്നതാണ്. കൃഷിക്ക് ഉപയോഗയോഗ്യമായ പരിമിതമായ ഭൂഭാഗങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതും സർവ്വതോന്മുഖമായ മാർഗ്ഗങ്ങളിലൂടെ കൃഷി നിലനിർത്തിക്കൊണ്ടു പോകേണ്ടതിനു പകരം, അത് അവഗണിക്കപ്പെടുന്നതും സമൂഹത്തിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ പഞ്ചായത്തിന്റെ കാർഷിക മേഖല കൂടുതൽ ഊർജ്ജസ്വലമായി ഉപയോഗപ്പെടുത്താൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധ നൽകേണ്ടതുണ്ട്.

## 3-6 അങ്കണവാടി -കേന്ദ്ര വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കണം

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 2125201 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ, ഈയിനത്തിൽ 2013-14 മുതൽ തുക അവശേഷിക്കുന്നതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബാലൻസ് തുക |
|---|---|
| 2013-14 | 694175 |
| 2014-15 | 1132763 |
| 2015-16 | 1369615 |
| 2016-17 | 2125201 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന

തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈയിനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ ടി തുക നാളിതുവരെ വിനിയോഗിക്കുന്നതിന് പ്രൊജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക സർക്കുലറിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ഊർജിത ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

## 3-7 മരുന്നുകൾ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

I. 2016-17 സാമ്പത്തിക വർഷത്തിൽ, മെഡിക്കൽ ഓഫീസർ പ്രാഥമിക ആരോഗ്യ കേന്ദ്രം, നാഗലശ്ശേരി മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും രണ്ട് പ്രൊജക്ടുകൾ മുഖേന(93/17, 193/17 ) 505791/-രൂപ KMSCL-ന് നൽകിയിട്ടുണ്ട്. ഇതിൽ 205791 രൂപയുടെ (ബിൽ നം. 6/26.3.17)മരുന്ന് ലഭിച്ചിട്ടുണ്ട്. 300000 (200000 (ബിൽ നം.11/29.3.17) + 100000 ബിൽ നം.8/28.3.17) രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ പറഞ്ഞ തുകയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും താമസംവിനാ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. 2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, നാഗലശ്ശേരി ആയുർവേദാശുപത്രി, മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 354000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം.1/17 തീ. 22.11.16, 50000 രൂപ, ബിൽ നം. 2/22.11.16,

154000 രൂപ, ബിൽ നം.3/27.3.17 – 150000 രൂപ ഇതിൽ 86233 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ പറഞ്ഞ തുകയുടെ മരുന്നുകൾ, ഔഷധിയിൽ നിന്നും താമസംവിനാ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പഞ്ചായത്ത് അംഗീകരിക്കുന്നതിന് മുൻപു തന്നെ കരാർ ചമച്ചത് ക്രമവിരുദ്ധം.

താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ കരാറുകാർ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് പഞ്ചായത്ത് കമ്മിറ്റി ഇതുസംബന്ധിച്ച് തീരുമാനം എടുത്ത തീയതിയ്ക്കും മുമ്പാണ്. ടെണ്ടർ നടപടികൾ സംബന്ധിച്ച പൊതുമരാമത്ത് ചട്ടങ്ങൾക്കെല്ലാം വിരുദ്ധമായിട്ടാണ് ഇത് സംഭവിച്ചിരിക്കുന്നത്.

1)തൊഴക്കാട്-മദ്രസ്സാ റോഡ്- പെരിങ്ങോട് പാടം റോഡ് കോൺക്രീറ്റിംങ്

പ്രോജക്ട് നം-So.240/17

അടങ്കൽ-200000/-

കരാറുകാരൻ-വി.പി.അബ്ദുൾ ജബ്ബാർ

കരാർ അംഗീകരിച്ച തിയ്യതി-3-3-2017

കരാർ ചമച്ച തിയ്യതി-2-3-2017

2)പെൻഷൻഭവൻ റോഡ് കോൺക്രീറ്റിംങ്(രണ്ടാംഘട്ടം)

പ്രോജക്ട് നം- 233/17

അടങ്കൽ-200000/-

കരാറുകാരൻ-വി.പി.അബ്ദുൾ ജബ്ബാർ

കരാർ അംഗീകരിച്ച തിയ്യതി-3-3-17

കരാർ ചമച്ച തിയ്യതി-2-3-2017

ടെണ്ടർ നടപടികളുടെ സുതാര്യതയില്ലായ്മയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള(നം.7/17-7-2015) മറുപടിയിൽ

മനപൂർവ്വമല്ലാത്ത ക്ലറിക്കൽ പിശകുമൂലം സംഭവിച്ച പിഴവാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ബോധിപ്പിച്ചിരിക്കുന്നത്. മറുപടി തൃപ്തികരമല്ല.

## 3-9 പൊതുടാപ്പുകൾ ഒഴിവാക്കി ഗാർഹിക കണക്ഷനുകളാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 285 പൊതുടാപ്പുകളുണ്ട്. ഇവക്ക് വെള്ളക്കരമിനത്തിൽ പ്രതിമാസം 124688/-രൂപ വീതം പ്രതിവർഷം 1496256/-രൂപ പ്രതിവർഷം ജലഅതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. കുടിവെള്ളവിതരണം പഞ്ചായത്തിന്റെ അനിവാര്യചുമതലയല്ലാത്തതിനാലും പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയിലെ 'പൊതു ടാപ്പുകൾ ഒഴിവാക്കി ഗാർഹികകണക്ഷനുകളാക്കാനുള്ള പദ്ധതി പ്രകാരം' പദ്ധതി നടപ്പിലാക്കി പൊതു ടാപ്പുകൾ ഒഴിവാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-10 കുടുംബശ്രീ അക്കൗണ്ടിലെ നിഷ്ക്രിയ നിക്ഷേപങ്ങൾ തിരിച്ചടക്കേണ്ടതാണ്

നാഗലശ്ശേരി ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീയുടെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടുകളിൽ ചെലവഴിക്കാതെ കിടക്കുന്ന താഴെ പറയുന്ന തുകകൾ അതാത് ഹെഡ്ഡിലേക്ക് തിരിച്ചടക്കേണ്ടതാണ്.

റിവോൾവിങ്ങ് ഫണ്ട് -167800

ജില്ലാ പഞ്ചായത്ത് ഫണ്ട് (വീട്) -20000

ജില്ലാ പഞ്ചായത്ത് ഫണ്ട് (സ്ഥലം വാങ്ങൽ)- 58500

ആകെ – 246300

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് പദ്ധതി പൂർത്തീകരണം കാര്യക്ഷമമാക്കേണ്ടതാണ്.

2)അനുവദിച്ച പദ്ധതികളുടെ മോണിറ്ററിങ്ങ് യഥാസമയം നടത്തി പദ്ധതികളുടെ

പൂർത്തീകരണം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 അംഗൻ വാടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.3.2011 ലെ 31055/ഡി.സി.2/2011.ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ ഖണ്ഡിക (സി) പ്രകാരം എല്ലാ വർഷവും മെയ് 10-നകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൽപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ്സ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ തദ്ദേശ ഭരണ സ്ഥാപനം/കെട്ടിടമുടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അംഗൻവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്.

അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30- നകം ഫിറ്റ്നസ്സ് ഉറപ്പാക്കുകയും വേണം.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച രേഖകളും ഫിറ്റ്നസ്സ് സാക്ഷ്യപത്രങ്ങളും ഹാജരാക്കുവാനാവശ്യപ്പെട്ട് 16.7.17 ന് നൽകിയ ഓഡിറ്റ് റിക്വിസിഷന് നിർവ്വഹണോദ്യോഗസ്ഥ രേഖകൾ ഹാജരാക്കുകയോ മറുപടി സമർപ്പിക്കുകയോ ചെയ്തില്ല.

ആയതിനാൽ അംഗൻവാടി കെട്ടിടങ്ങൾ പൂർണ്ണമായും സുരക്ഷിതമാണെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ പഞ്ചായത്തും നിർവ്വഹണോദ്യോഗസ്ഥയും

സ്വീകരിക്കേണ്ടതാണ്. സാങ്കേതിക വിഭാഗത്തിൽ നിന്ന് ഫിറ്റ്നസ്സ് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, പ്രത്യേകം ശ്രദ്ധനൽകേണ്ടതും, ആയവ പരിശോധയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 THRS മിശ്രിതം- ലാബ് റിപ്പോർട്ട് ലഭ്യമാക്കണം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 അംഗൻവാടികൾ -അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

| | |
|---|---|
| പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ അംഗൻവാടികളുടെ എണ്ണം | 27 |
| സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 26 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 |
| ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവയുടെ എണ്ണം | 27 |
| ചുറ്റു മതിൽ ഉള്ളവയുടെ എണ്ണം | 2 |

| | |
|---|---|
| വൈദ്യുതി ഉള്ളവയുടെ എണ്ണം | 18 |
| കുടിവെള്ളം ലഭ്യമായവ | 26 |
| പൈപ്പ് ലൈൻ | 10 |
| കിണർ | 1 |
| മറ്റു സ്രോതസ്സുകൾ | 15 |
| ഒറ്റമുറിയിൽ പ്രവർത്തിക്കുന്നവ | ഇല്ല |
| കെട്ടിടം നിർമിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | ഇല്ല |
| കെട്ടിടം നിർമിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളവ | ഇല്ല |
| ഗ്യാസ് കണക്ഷൻ ഉള്ളവ | 26 |
| ആവശ്യത്തിന് പാത്രങ്ങളും ഫർണിച്ചറുകളും ലഭ്യല്ലാത്ത അംഗൻവാടികളുടെ എണ്ണം | ഇല്ല |
| അംഗൻവാടികളിൽ ലഭ്യമായ ഇലക്ട്രോണിക്/ ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ വിവരം (കമ്പ്യൂട്ടർ, ടേപ്പ് റെക്കോഡർ/ റേഡിയോ/ ഫാൻ മുതലായവ) | 27 |
| ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിവരം | ഇല്ല |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ വാടക നൽകുന്ന സ്ഥാപനം | സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് |
| അംഗൻവാടി കുട്ടികളുടെ ശരാശരി എണ്ണം | 12 |

അംഗൻവാടികളുടെ കെട്ടിടങ്ങൾ, പരിസരം , ഭക്ഷ്യ വസ്തുകൾ സൂക്ഷിക്കുന്ന പാത്രങ്ങൾ , ഉപകരണങ്ങൾ, പാചകശാലയും പരിസരവും , ടോയ് ലറ്റ്, കുട്ടികൾ ഉപയോഗിക്കുന്ന

ഉപകരണങ്ങൾ, കളിക്കോപ്പുകൾ, വിശ്രമിക്കാനുപയോഗിക്കുന്ന പായ , ബെഡ് മുതലായവ സുരക്ഷിതവും വൃത്തിയുള്ളതുമാണെന്നുറപ്പു വരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അംഗൻവാടി ക്ഷേമസമിതികളും, വാർഡ് പ്രതിനിധികളും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും നിശ്ചിത ഇടവേളകളിൽ, അംഗൻവാടികൾ സന്ദർശിക്കേണ്ടതും, മേൽ പറഞ്ഞ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതും, ന്യൂനതകൾ കാണുന്ന പക്ഷം യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഭക്ഷ്യ വസ്തുക്കൾ പാചകം ചെയ്യുന്നതും, വിളമ്പുന്നതും വൃത്തിയായും ശുചിയായും ആണെന്നും, ശുദ്ധജലം ആവശ്യത്തിന് ലഭ്യമാണെന്നും ഉറപ്പു വരുത്തേണ്ടതാണ്.

## 3-14 തൊഴിലുറപ്പ് പദ്ധതി - 11/2016 മുതലുള്ള തൊഴിൽകൂലി അനുവദിച്ചിട്ടില്ല

തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3),തദ്ദേശസ്വയംഭരണ വകുപ്പിൻെറ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തീയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിതനാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 സപ്തംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 6446215/-രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുണ്ട്. ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| ഐ.എ.വൈ.ഭവനനിർമ്മാണം | 137760 |

| | |
|---|---|
| തോടുകളുടെ പുനരുദ്ധാരണം | 1878052 |
| കിണർ നിർമ്മാണം | 1608331 |
| കുളംനിർമ്മാണം | 428260 |
| പാട്ടകൃഷിക്ക് നിലമൊരുക്കൽ | 433405 |
| കുളങ്ങളുടെ പുനരുദ്ധാരണം | 552720 |
| റോഡ് കോൺക്രീറ്റിംഗ് | 1407687 |
| ആകെ | 6446215 |

കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശികവേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 570000(ജില്ലാ പഞ്ചായത്ത് വിഹിതം) | ഉഴവുകൂലി (പ്രോജ.നം.182/17) | 570000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെക്ക് നം/ ഡി.ഡി.നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 2829dt. 4-5-2017 | 25500 | 25500/- | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| KSEB | അപായകരമായ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | Fund transferred through NEFT | 273935 | 273935/- | --do-- |
| --do-- | തെരുവുവിളക്ക് സ്ഥാപിക്കൽ | Fund transferred through NEFT | 2072 | 2072/- | --do-- |
| --do-- | തെരുവുവിളക്ക് ലൈൻ നീട്ടൽ | Fund transferred through NEFT | 797900 | 797900/- | --do-- |
| ---do-- | കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ | Fund transferred through NEFT | 250000 | 250000 | --do-- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ ത്തുക | മുന്നിരിപ്പ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനവായ്പ | സ.ഉ(സാധാ) നം.779/2010 തസ്വഭവ | 15456250 | 3300806 | 562000 | --- | 2738806 |

| | | | | | | |
|---|---|---|---|---|---|---|
| | തി.8.3.10 | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നും ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98 (ഖ.3-42) | 2003-04(ഖ.3.9.4) | പഞ്ചായത്ത് ട്രില്ലർ വാങ്ങിയത് | നടപടി പൂർത്തിയായിട്ടില്ല |
| 1997-98 (ഖ.3-35(a) | 2004-05(ഖ.3.9.4) | ആട്ട വളർത്തൽ(ജനറൽ) | --ടി-- |
| 1997-98 (ഖ.3-35(b) | 2004-05(ഖ.3.9.4) | ആട്ട വളർത്തൽ(SC) | --ടി-- |
| 1997-98 (ഖ.3-36) | 2004-05(ഖ.3.9.4) | പശു വളർത്തൽ(ജനറൽ) | --ടി-- |
| 1997-98 (ഖ.3-37) | 2004-05(ഖ.3.9.4) | പശു വളർത്തൽ(SC) | --ടി-- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 65404255 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44373520 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,433/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 190900/ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക സർചാർജ്ജ് ചെയ്യാവുന്നത് | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 26,433 | ശ്രീ.എൻ.പി.ഷിധി, അസി. എഞ്ചിനീയർ |
| ആകെ | 26,433 | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 154500 | ഡോ.എം.എൻ.നിഷ, വെറ്ററിനറി സർജൻ |
| 3-3 | 36400 | ശ്രീമതി.വി.വി. അംബുജം, ഹെഡ് മിസ്ട്രസ് |
| ആകെ | 190900 | |

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എൻ.പി.ഷിധി, അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ, നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് | നാലുപുരക്കൽ വീട്, കണ്ടാണശ്ശേരി പി.ഓ, തൃശ്ശൂർ ജില്ല,-680102 |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | LFP9/726/99/ 9.10.2000 |
| 1997-98 (വരവ്) | LFP10/1184/02/ 15.3.03 |
| 1998-99(ചെലവ്) | LFP10/1193/ 9.4.03 |
| 1998-99(DCB) | LFP10/72/04/ 5.6.04 |
| 1999-2000 (പദ്ധതി ഒഴികെ) | LFP10/745/04/ 6.4.05 |
| 1999-2000 (പ്ലാൻ ഓഡിറ്റ്) | LFP10/808/04/ 31.3.06 |
| 2000-2001 (പ്ലാൻ) | LFP10/802/2/04 /31.1.06 |
| 2001-02 (പ്ലാൻ) | LFP10/809/04/ 31.1.06 |
| 2000-01(പദ്ധതി ഒഴികെ) | LFP10/953/06/ 4.10.06 |
| 2001-02(പദ്ധതി ഒഴികെ) | LFP10/954/06/ 4.10.06 |
| 2002-03 | LFP10/324/04/ 30.3.07 |
| 2003-04 | LFP10/335/08/ 23.6.09 |
| 2004-05 | LFP10/336/08/ 23.6.09 |
| 2005-06 | LFP10/337/08/ 23.6.09/ |

| | |
|---|---|
| 2006-07 | LFP10/338/08/ 23.6.09 |
| 2007-08 | LFP10/398/11/ 26.8.11 |
| 2008-09 | LFP10/399/11/ 26.8.11 |
| 2009-10<br>2010-11 | LFP10/1890/12/ 4.11.12 |
| 2011-12 | LFP10/496/14/ 8.4.14 |
| 2012-13&<br>2013-14 | കെ.എസ്.എ-പികെഡി10/1519/15/<br>19-11-15 |
| 2014-15 | കെ,എസ്.എ-പികെ.ഡി.10- 1449/2016/10-08-2016 |
| 2015-16 | കെ,എസ്.എ-പികെ.ഡി.20/2133/2016 dt.21-12-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>1</u>

## <u>അനുബന്ധം</u>

നം. കെ.എസ്.എ-പികെഡി.20/1582/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -11-09-2017

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നാഗലശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

ന്യൂനതാ സംഗ്രഹം -വാർഷിക ധനകാര്യപത്രിക – 2016-17

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD.20/1582/2017

Kerala State Audit Department

District Audit Office, Palakkad

Date - 11-09-2017

## CERTIFICATE

Certified that I have examined the Annual Financial Statement of **NAGALASSERI GRAMA PANCHAYATH** for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994 , section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of **NAGALASSERI GRAMA PANCHAYATH** prepared for the year 2016-2017 properly presents the picture of income , expenditure and closing balance except the defects pointed in this certificate.

**Deputy Director**

### Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated .

**Deputy Director**